بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
*23 October 2020/06 Rabi'ul Awwal 1442 AH*

# *Duahs (Invocations)* (Pt. 16) ദുആകൾ (ഭാഗം-16)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പതിനാറാമത്തെ പ്രസംഗം ആരംഭിക്കുകയുണ്ടായി. അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ് ഈ വീനിതദാസന്റെ മേൽ അല്ലാഹു(ത) അവതരിപ്പിച്ച ദുആകൾ ഇന്നത്തെ വെള്ളിയാഴ്ച ഖുത്തുബയായി തുടരുവാനുള്ള തൗഫീഖ് ചെയ്ത സർവ്വാധിനാഥനായ അല്ലാഹുവിന് മാത്രമാണ് സർവ്വസ്തുതിയും.

ഈ ഹൃദയഹാരികളായ പ്രാർത്ഥനകൾ ഹൃദയങ്ങളിലേക്ക് ഉയർത്തുന്നതിനു മുൻപായി, വളരെ രസകരമായ ഒരു ദൃഷ്ടാന്തം ഞാൻ നിങ്ങളുമായി പങ്കുവെയ്ക്കുകയാണ്. തമിഴ്നാട്ടിലെ ഒരു മുത്തഖിയായ അത്താഉസ്സലാം തന്റെ ഈ ആഴ്ചയിലെ ഒരു പ്രാർത്ഥനാ വേളയിൽ കണ്ട ഒരു കാര്യമാണിത്. ഒരു ദർശനത്തിൽ അദ്ദേഹം ഒരു ചെറുപ്പക്കാരനെ കാണുന്നു. ഇശാനമസ്ക്കാര സമയം. തൊട്ടടുത്ത് ഒരു ചെറുപ്പക്കാരൻ. അദ്ദേഹത്തോട് പ്രസ്തുത വ്യക്തി പറയുന്നു. ഞാൻ പ്രവാചകനായ നൂഹ് (അ) ആകുന്നു. അല്ലാഹു അക്ബർ! അല്ലാഹു(ത) ഹസ്രത് നൂഹ്(അ)നെ ഒരു യുവാവായി പ്രദർശിപ്പിക്കുകയായിരുന്നു. ഈ മുൻതഖയെയും അദ്ദേഹത്തിന്റെ കുടുംബത്തേയും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ മൊത്തത്തിലും എല്ലാവിധ പരീക്ഷണങ്ങളിലും കാത്തുരക്ഷിക്കട്ടെ! അസാധാരണമായ നിലയിൽ ശത്രുക്കളുടെ മേൽ അവൻ നമുക്ക് വിജയം പ്രദാനം ചെയ്യട്ടെ! അല്ലാഹു(ത) തുടർന്നും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെയും അവന്റെ ഖലീഫത്തുല്ലാഹ്യേയും അവരിലെ നിഷ്ക്കളങ്ക അനുചരന്മാരെയും അവന്റെ ജമാഅത്തിലൂടെ അനുഗ്രഹിക്കട്ടെ! അവന്റെ അനുഗ്രഹത്തിന്റെ പ്രകാശം അവർക്ക് ചൊരിയട്ടെ, അല്ലാഹു മാപ്പ് നല്കി അനുഗ്രഹിക്കട്ടെ, അനന്തമായ ബഹുമതി നല്കി അനുഗ്രഹിക്കട്ടെ. ഈ ലോകത്തും നാളെ പരലോകത്തും ഇൻശാ അല്ലാഹ്! ആമീൻ!

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

ഞങ്ങളുടെ നാഥാ! ഈ ലോകത്തും പരലോകത്തും നീ ഞങ്ങൾക്ക് നല്ലതിനെ പ്രദാനം ചെയ്യേണമെ! നരകശിക്ഷയിൽ നിന്നും നീ ഞങ്ങളെ കാത്തുരക്ഷിക്കേണമെ, വിജയികളോടൊപ്പം നീ ഞങ്ങളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമെ! സർവ്വശക്തനായവനെ! മാപ്പു ചെയ്യുന്നവനെ! സർവ്വലോകങ്ങളുടെയും രക്ഷിതാവേ!

അല്ലാഹുവേ! നീ എന്റെ ആത്മാവിന് ശക്തിപകരേണമെ! ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ഉണ്ടാകുന്ന വിപത്തുകളെ ഞാൻ ഭയപ്പെടുന്നു. സമസൃഷ്ടാവായവനേ! അവരുടെ സാന്നിധ്യത്തിൽ നിന്നും നീ എന്നെ കാത്തു

കൊള്ളേണമെ! അല്ലാഹുവിന്റ സ്നേഹിതർക്കുള്ളതാണ് സർവ്വബഹുമതിയും. മഹത്വപൂർണ്ണമായ സ്വർഗ്ഗവവും അവർക്കുള്ളതുതന്നെ! അവന്റെതു മാത്രമാണ് സർവ്വസ്തുതികളും! അവന്റെ നാമം ഉയർത്തപ്പെടേണ്ടതുതന്നെ! അവനല്ലാത്ത മറ്റൊരാരാധ്യനുമില്ല! യാ അല്ലാഹ്! മുസ്ലിം സ്ത്രീ പുരുഷന്മാരുടെമേൽ ആക്രമണം നടത്തുന്നവരെ നേരിടുവാൻ ഞാൻ നിന്നിൽ ഭരമേല്പിക്കുകയാണ്. അവരുടെ തെമ്മാടിത്തരത്തിൽ നിന്ന് അവരുടെ മ്ളേഛ പ്രവർത്തനങ്ങളിൽ നിന്ന് അവരുടെ ചതിക്കുഴികളിൽ നിന്നും നീ ഞങ്ങളെ സംരക്ഷിച്ചു കൊള്ളേണമെ! ഞങ്ങളുടെ നേരെയുള്ള ശത്രുതയുടെ അഗ്നിയെ നീ കെടുത്തിക്കളയേണമെ! അത് ജിന്നുവർഗ്ഗത്തിൽ നിന്നായാലും ശരി മനുഷ്യവർഗ്ഗത്തിൽ നിന്നായാലും ശരി! അല്ലയോ! ഏറ്റവും നല്ല സംരക്ഷകാ! കാത്തുരക്ഷിക്കുന്നവനെ! നീ എല്ലാത്തിനും മതിയായവനാണല്ലോ! അല്ലയോ എല്ലാത്തിനെയും വലയം ചെയ്തു നില്ക്കുന്നവനെ! നിന്റെ മഹത്വത്തെ ഞാൻ വാഴ്ത്തുന്നു. നിന്റെ മഹത്വം അപാരം തന്നെ! നിന്റെ സിംഹാസനം മഹത്വമേറിയതും അത്യുന്നതവും തന്നെ; നിന്റെ രാജ്യം വരേണമെ! മഹത്വപൂർണ്ണവും സംശുദ്ധവും അപാരവും അനുഗ്രഹീതവുമായ സമാധാനപൂർണ്ണവുമായ നിന്റെ അഭിവാദനങ്ങൾ ഞങ്ങളുടെ യജമാനരായ മുഹമ്മദ് (സ)നുമേലും കുടുംബത്തിന്റെ മേലും അനുചരന്മാരുടെ മേലും ഉണ്ടാകേണമെ! പ്രപഞ്ചസംരക്ഷിതാവേ! എല്ലാ സ്തുതികളും നിനക്കു മാത്രമുള്ളതാണ്. രഹസ്യവും പരസ്യവുമായ എല്ലാ സാഹചര്യങ്ങളിലും കരുണാമൂർത്തേ, കരുണാ നിധേ! നിനക്കു മാത്രമാണ് സർവ്വസ്തുതിയും!

1. യാ അല്ലാഹ്! പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്നവനേ 2. യാ അല്ലാഹ്! എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നവനെ 3. യാ അല്ലാഹ്! എല്ലാ വിപത്തുകളും അകറ്റിക്കളയുന്നവനേ 4. യാ അല്ലാഹ്!പ്രയാസങ്ങളിൽ സഹായ ഹസ്തം നീട്ടുന്നവനെ! 5. യാ അല്ലാഹ്! പദവികൾ ഉയർത്തുന്നവനായവനേ 6. യാ അല്ലാഹ്! അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറന്നു തരുന്നവനെ! 7. യാ അല്ലാഹ്! എല്ലാ വിധ രോഗങ്ങൾക്കും ശമനം നല്കുന്നവനെ 8. യാ അല്ലാഹ്! എല്ലാ കുഴഞ്ഞു മറിഞ്ഞ പ്രശ്നങ്ങൾക്കും പരിഹാരം നല്കുന്നവനെ 9.യാ അല്ലാഹ്! എല്ലാ പ്രയാസകരമായ കാര്യങ്ങളെയും എളുപ്പമാക്കി തരുന്നവനെ! 10.യാ അല്ലാഹ്! സഹായം ചോദിക്കുന്നവർക്കെല്ലാം സഹായം നല്കുന്നവനെ! 11. യാ അല്ലാഹ്! ജീവിത വിഭവം നല്കുന്നവനെ! അത് നല്കിയാലും 12. സഹായം ചോദിക്കുവാൻ ഏറ്റവും അർഹനായിട്ടുള്ള അല്ലാഹുവേ! 13. ഏറ്റവും കരുണാവാരിധിയായിട്ടുള്ള അല്ലാഹുവേ! 14. അല്ലാഹുവേ! ഈ പ്രാർത്ഥനകൾ സ്വീകരിച്ചാലും.

യാ അല്ലാഹ്! നിന്റെ ഖലീഫത്തുല്ലാഹ്യെ പിന്താങ്ങിയാലും! പരിശുദ്ധാത്മാവിനാലും, ശക്തമായ സഹായത്താലും, വിശ്വാസികളുടെ നായകനായവനെ സഹായിച്ചാലും! ദുരിതങ്ങളിൽ നിന്നും നീ അദ്ദേഹത്തെ രക്ഷിച്ചാലും ആമീൻ!

യാ അല്ലാഹ്! നീയാണ് എന്റ രക്ഷിതാവ്! യഥാർത്ഥദൈവം നീയല്ലാതെ മറ്റാരുമില്ല. നീയാണ് എന്നെ സൃഷ്ടിച്ചത്. ഞാൻ നിന്റെ അടിമയാണ്. ഞാൻ എനിക്കു കഴിയുന്നിടത്തോളം നീയുമായി ഞാൻ ചെയ്ത ഉടമ്പടി പൂർത്തിയാക്കുന്നതാണ്. ഞാൻ ചെയ്തുപോയ എല്ലാ അപരാധനങ്ങളെ തൊട്ടും ഞാൻ നിന്നിൽ അഭയം തേടുന്നു. നീ എന്റെ മേൽ ചൊരിഞ്ഞ എല്ലാ ഔദാര്യങ്ങ

ളെയും ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. ഞാൻ എന്റെ എല്ലാ തെറ്റുകളും ഏറ്റു പറഞ്ഞ് മാപ്പ് ചോദിക്കുന്നു. പൊറുത്തുതന്നാലും! പാപങ്ങൾ പൊറുക്കുന്നവൻ നീയല്ലാതെ മറ്റാരുമില്ലതന്നെ! നിന്റെ ഏറ്റവും നല്ല അടിയാൻമാർ ചോദിച്ച ഏറ്റവും നല്ല കാര്യങ്ങൾ നിന്നോട് ഞാൻ താണുവീണു യാചിക്കുന്നു. നിന്റെ പരിശുദ്ധ രായ ദാസൻമാർ നിന്നോട് സംരക്ഷണം ചോദിച്ച എല്ലാ വിപത്തുകളിൽ നിന്നും ഞാൻ നിന്നോട് സംരക്ഷണം തേടുന്നു. നിന്റെ സ്നേഹത്തിൽ നിന്നും നിന്റെ ദർശനത്തിൽ നിന്നും ഞങ്ങളെ അകറ്റിക്കളയുന്ന, ബന്ധപ്പെടുത്തുന്ന എല്ലാ കാര്യ ങ്ങളിൽ നിന്നും നീ ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കേണമെ! സുന്നത്തു മായും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമുമായും ബന്ധിതമായി നില്ക്കുവാനും, നിന്നെ കണ്ടു മുട്ടുവാനുള്ള തീഷ്ണത നിലനിർത്തിക്കൊണ്ട്, ഞങ്ങളുടെ മര ണത്തോടെ നീ ഞങ്ങളെ സ്വീകരിക്കേണമെ! മഹത്വമുടയവനും അത്യുന്നതനു മായ രക്ഷിതാവേ! നീ എന്റെ ഹൃദയത്തെ അറിവിനാൽ പ്രകാശഭരിതമാക്കേ ണമെ! എന്റെ ശരീരത്തെ നിന്നെ അനുസരിക്കുന്നതിനായി സമർപ്പിക്കുവാൻ കഴിയത്തക്ക നിലയിലാക്കേണമെ! എന്റെ ആന്തരിക സത്തയെ എല്ലാവിധ പ്രലോ ഭനങ്ങളിൽ നിന്നും നീ സംരക്ഷിക്കേണമെ! എന്റെ മനസ്സിനെ നിന്നെ ധ്യാനി ക്കുന്നതിനു പാകപ്പെടുത്തേണമെ, സാത്താന്റെ ദുർബോധനങ്ങളിൽ നിന്നും നീ എന്നെ രക്ഷിക്കേണമെ. കാരുണ്യവാരിധേ! അങ്ങനെ ആയാൽ അവന് എന്റെ മേൽ യാതൊരധികാരവും ഉണ്ടാവുകയില്ല. ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്ക് പൊറുത്തു തരേണമെ! നരകശിക്ഷയിൽ നിന്നും നീ ഞങ്ങളെ രക്ഷിക്കേണമെ!

യാ അല്ലാഹ്! ഞാൻ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും നീ അറി യുന്നവനാണ്. നീ എനിക്ക് മാപ്പ് നല്കിയാലും! എന്റെ ആവശ്യങ്ങൾ നിനക്കറി വുള്ളതാണ്. എന്റെ ആവശ്യങ്ങൾ നീ നിറവേറ്റിയാലും! എന്റെ നെഞ്ചകത്തു ള്ളത് എന്താണെന്ന് നിനക്ക് നല്ലതുപോലെ അറിവുള്ളവനാകുന്നു. നീ എന്റെ തെറ്റുകൾ മാപ്പാക്കിയാലും! എന്റെ ഹൃദയത്തിന് സമാധാനം നല്കുന്ന ഈമാൻ നീ എനിക്ക് നല്കിയാലും നാഥാ! കാര്യങ്ങൾ ബോധ്യമാകുവാനുള്ള ഉൾക്കാഴ്ച്ച നീ എനിക്ക് പ്രദാനം ചെയ്താലും. അങ്ങനെയായാൽ നീ വിധിച്ചതല്ലാതെ മറ്റൊന്നും എന്റെ മേൽ പതിക്കുകയില്ലല്ലോ! അങ്ങനെ നീ നല്കിയതിൽ ഞാൻ പൂർണ്ണതൃപ്തിയുള്ളവനായി തീരുമല്ലോ! നീയാണ് ഇഹലോകത്തും പരലോ കത്തും എന്റെ രക്ഷാധികാരി! പരിപൂർണ്ണ അനുസരാണാവസ്ഥയിൽ നീ എന്നെ മരിപ്പിക്കേണമെ! നീ എന്നെ സത്ചരിതരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമെ! ഈ ലോകത്ത് വെച്ചുതന്നെ എന്റെ ഒരു പാപവും പൊറുക്കപ്പെടാതിരിക്കരുതെ! ദുഃഖങ്ങളെല്ലാം ഈ ലോകത്തുവെച്ച് തന്നെ നീക്കം ചെയ്യേണമെ! ഒരാവശ്യവും പൂർത്തിയാകാതിരിക്കരുതെ! ഞങ്ങളുടെ കഠിനയത്നങ്ങളെല്ലാം എളുപ്പമാക്കി തരേണമെ!ഞങ്ങളുടെ ഹൃദയങ്ങളും മനസ്സുകളും സമാധാനത്തിലാക്കി തരേ ണമെ! ഒടുവിൽ ഞങ്ങളുടെ പ്രവർത്തനങ്ങളെല്ലാം നന്മയിലധിഷ്ഠതമാക്കി തീർക്കേണമെ! യാഅല്ലാഹ്! ഞങ്ങളെ അനുസരണയുള്ളവരായിട്ടല്ലാതെ മരി പ്പിക്കരുതെ! നിനക്ക് കീഴടങ്ങിയവരായിട്ടല്ലാതെ ഞങ്ങളെ ജീവിതത്തിലേക്ക് മട ക്കിക്കൊണ്ടുവരരുതേ! സജ്ജനങ്ങളോടൊപ്പം ഞങ്ങളെ നീ ചേർക്കേണമെ! കുറ്റ

വാളികളോടും ദുർവൃത്തരോടുമൊപ്പം നീ ഞങ്ങളെ ചേർക്കരുതെ!

ആമീൻ! സുമ്മ ആമീൻ. യാ റബ്ബൽ ആലമീൻ! അടുത്ത ആഴ്ചയിലും ഇൻശാ അല്ലാഹ് ഇതേ വിഷയം തുടരുന്നതാണ് (വെളിപാടുകളിലൂടെ ലഭിച്ച ദുആകൾ തുടരുന്നതാണ്)

ഇൻഡ്യയിൽ, കേരളത്തിൽ എന്റെ പ്രിയ അനുചരൻ, ഹംസാ ഇബ്റാഹീം സാഹിബ് മരണപ്പെട്ട വിവരം അറിയിക്കുന്നു, 2020 ഒക്ടോബർ 18 ഞായറാഴ്ച യാണ് അദ്ദേഹം മരണപ്പെട്ടത്. അദ്ദേഹം വടക്കൻ കേരളത്തിലെ നാഇബ് അമീർ ആയിരുന്നു. 2010 ഒക്ടോബർ 8ന് അദ്ദേഹം ബൈഅത്തു ചെയ്യുകയുണ്ടായി. 10 വർഷം പിന്നിട്ടിരിക്കുന്നു.

ഖലീഫത്തുല്ലാഹ്യെ അദ്ദേഹം വളരെയധികം സ്നേഹിച്ചിരുന്നു, ആദരിച്ചിരുന്നു, 2017ലും 2018ലും എന്നെ സ്വീകരിക്കുന്നതിന് വിമാനത്താവളത്തിലും കണ്ണൂരിലും മുകർറം അമീർ ഡോക്ടർ താഹിർ സാഹിബിനോടൊപ്പം ഉണ്ടായിരുന്നു.

നീതിന്യായവകുപ്പിലെ ഒരു റിട്ടേയേഡ് ഉദ്യോഗസ്ഥനായിരുന്നു.ഹൃദയാഘാതത്തെതുടർന്ന് 2020 ഒക്ടോബർ 18 ഞായറാഴ്ച അസ്ർ നമസ്ക്കാരശേഷം അദ്ദേഹം മരണപ്പെട്ടു. കോവിഡ് പരിശോധനയിൽ നെഗറ്റീവ് ആയിരുന്നു. ശവസംസ്ക്കാര ചടങ്ങിന്റെ പൂർണ്ണഉത്തരവാദിത്വം അദ്ദേഹത്തിന്റെ പുത്രന്മാരും അഹ്മദിയ്യാ ജമാഅത്തും ഏറ്റെടുത്തു നടത്തുകയുണ്ടായി. ആലപ്പുഴയിൽ നിന്നും കെ.സലീം സാഹിബൂം, അബ്ദുൽ ലത്തീഫ് സാഹിബും അവിടെ എത്തിയെങ്കിലും ജനാസനമസ്ക്കാരത്തിന് നേതൃത്വം നല്കുവാൻ അദ്ദേഹത്തിന്റെ പുത്രന്മാരും അഹ്മദിയ്യാ ജമാഅത്തും അനുവാദം നല്കിയില്ല. കരുനാഗപ്പള്ളി അഹ്മദിയ്യാ ശ്മശാനത്തിൽ ഖബറടക്കം ചെയ്യപ്പെട്ടു.

അല്ലാഹു(ത) അവന്റെ നല്ല അടിയാർകളുടെ ഹൃദയങ്ങളിലേക്കാണ് നോക്കുന്നത്. സാഹചര്യം പ്രതികൂലമാണെങ്കിലും അല്ലാഹു(ത) അവന്റെ ദാസന്മാരുടെ വഴികൾ അവർക്കായി തുറക്കുന്നു. എന്റെ പ്രിയ ശിഷ്യൻ ഹംസാസാഹിബിന് അല്ലാഹു(ത) പൊറുത്തുകൊടുക്കട്ടെ! പാരത്രികലോകത്ത് അദ്ദേഹത്തിന്റെ പദവി അല്ലാഹു(ത) ഉയർത്തട്ടെ! അല്ലാഹുവിന്റെ വഴിയിൽ മുന്നേ നടന്നവൻ തന്നെയാണ്. അദ്ദേഹത്തിന് അല്ലാഹു നല്ല പ്രകാശം ചൊരിഞ്ഞു കൊടുക്കട്ടെ! അവന്റെ പ്രകാശം പൂർത്തീകരിച്ചുകൊടുക്കട്ടെ! അവന്റെ കാരുണ്യം ചൊരിഞ്ഞുകൊടുക്കട്ടെ! ജന്നാത്തുൽഫിർദൗസിൽ അദ്ദേഹത്തിനും ബഹുമാന്യരോടൊപ്പം ഇടം നല്കട്ടെ! ആമീൻ. സുമ്മ ആമീൻ! യാ റബ്ബൻ ആലമീൻ

ജും ആ നമസ്ക്കാരശേഷം കേരളത്തിലെ ഹംസാഇബ്രാഹിം സാഹിബിന്റെ ജനാസ ഗായിബ് നമസ്ക്കാരത്തിന് ഞാൻ നേതൃത്വം നല്കുന്നതാണ്. ഇൻശാ അല്ലാഹ്!

***Translated & Issued by : Mukarram R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India, E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***